# പെൻഷൻ പ്രായം കുറയ്ക്കുകയാണ് വേണ്ടത്

**സം**സ്ഥാനത്ത് അടുത്ത രണ്ടര വർഷത്തിനുള്ളിൽ മൂന്നര ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് വാഗ്ദാനം ചെയ്യുന്ന കേരള സർക്കാരിന്റെ വ്യവസായനയം നവംബർ 5-ന് വ്യവസായ മന്ത്രി സുശീലാ ഗോപാലൻ പ്രഖ്യാപനം ചെയ്തു. അതൊരു നല്ല കാര്യം തന്നെ. ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പേ എറിഞ്ഞ ഒരു വടിയായിരുന്നു ഈ പ്രഖ്യാപനം എന്നു മനസിലാക്കിയവർ ചുരുക്കം. സംസ്ഥാനസർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തുമ്പോൾ തൊഴിലില്ലാത്തവരുടെ ഭാഗത്തുനിന്നും ഉയർന്നു വന്നേക്കാവുന്ന രോഷത്തിന്റെ തീക്ഷ്ണതയെ തണുപ്പിക്കാനുള്ള ഒരുപായമല്ലേ ഈ പ്രഖ്യാപനം?

കേരളത്തിൽ അഞ്ചര ലക്ഷത്തിനടുത്ത് സംസ്ഥാന സർക്കാർ ജീവനക്കാരാണുള്ളത്. അവരിൽ 55 വയസ് പൂർത്തിയാക്കി പെൻഷൻ പറ്റുന്നവരുടെ എണ്ണം പ്രതിവർഷം അയ്യായിരത്തിനടുത്താണ്. പെൻഷൻ പറ്റുന്ന ഒരാൾക്ക് ശരാശരി 2 ലക്ഷം രൂപ വെച്ച് ഒരുമിച്ച് കൊടുക്കേണ്ടി വരുന്നു എന്നു കണക്കാക്കിയാൽ, പ്രതിവർഷം 100 കോടി രൂപയാണ് സർക്കാരിന് ഇക്കാര്യത്തിനുവേണ്ടി നീക്കിവയ്ക്കേണ്ടി വരുന്നത്.

പെൻഷൻ പ്രായം ഉയർത്തണമെന്ന് സർവീസ് സംഘടനകളെല്ലാം ഏക സ്വരത്തിൽ ആവശ്യപ്പെടുന്നുണ്ട്. ഈ ആവശ്യത്തെ പിന്തുണയ്ക്കുന്ന ഒരു കൂട്ടം ന്യായങ്ങളും അവർക്കുണ്ട്.

കേന്ദ്ര സർവീസിലും പശ്ചിമബംഗാൾ ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളിലും പെൻഷൻ പ്രായം അമ്പത്തെട്ടും അറുപതുമാണെന്നതാണ് ഒന്നാമത്തെ ന്യായം. കേരളത്തിലും അമ്പത്തെട്ടായിരുന്നു പെൻഷൻ പ്രായം. ഇ.എം.എസിന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ മന്ത്രിസഭയാണ് അതു വെട്ടിക്കുറച്ച് 55 ആക്കിയത്.

സ്വാതന്ത്ര്യം നേടിയ ഉടനെയുള്ള കാലഘട്ടത്തിൽ കേരളീയന്റെ ശരാശരി ആയുസ് വെറും 42 വയസായിരുന്നു. ഇന്ന് അത് 72 വയസായി ഉയർന്നിരിക്കുകയാണ്. ഇതു പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യത്തെ പിന്തുണക്കുന്ന മറ്റൊരു ന്യായീകരണമാണ്.

പി.എസ്.സി. വഴി ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 35 വയസാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇന്ന് മിക്കവർക്കും 30 വയസിനു ശേഷമാണ് ജോലി ലഭിക്കുന്നത്. ഇക്കൂട്ടർക്ക് മുഴുവൻ പെൻഷനുള്ള യോഗ്യത നേടണമെങ്കിലും പെൻഷൻ പ്രായം ഉയർത്തേണ്ടതുണ്ട്. ഇതാണ് മറ്റൊരു ന്യായവാദം.

സർക്കാരാകട്ടെ, പെൻഷൻ പ്രായം 58 വയസ് വരെയെങ്കിലും ആക്കുക എന്ന കാര്യം തത്വത്തിൽ അംഗീകരിച്ചു കഴിഞ്ഞു. പെൻഷൻ പ്രായം ഉയർത്തിയാൽ തൊഴിലില്ലാത്ത ചെറുപ്പക്കാർ ഉണ്ടാക്കിയേക്കാവുന്ന പ്രക്ഷോഭങ്ങളെ ഭയന്നു മാത്രമാണ് സർക്കാർ അത്തരമൊരു തീരുമാനം നടപ്പിൽ വരുത്താൻ അമാന്തിക്കുന്നത്.

സർക്കാരിനെ സംബന്ധിച്ചിടത്തോളം പെൻഷൻ പ്രായം 3 വർഷം ഉയർത്തിയാൽ തന്നെ 300 കോടി രൂപയാണ് മൂന്നു വർഷം കൊണ്ട് മിച്ചം പിടിക്കാനാവുന്നത്. അത്രയും തുക ശരിയായ ആസൂത്രണത്തോടെ വിനിയോഗിച്ചാൽ പെൻഷൻ പറ്റി പോകുന്നവരുടെ ഒഴിവുകളേക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാമെന്നും സർക്കാർ ചൂണ്ടിക്കാണിക്കുന്നു. പറയുമ്പോൾ ശരിയാണെങ്കിലും അതു പ്രയോഗത്തിൽ വരുത്തുമെന്ന് ആർക്കാണ് വിശ്വസിക്കാനാവുക?

സർക്കാർ ജോലിയോട് അമിതമായ ആരാധനയും വിധേയത്വവും പുലർത്തുന്ന കേരളീയരെ സംബന്ധിച്ചിടത്തോളം മൂന്നു വർഷക്കാലത്തേക്ക് സർക്കാർ മേഖലയിൽ തൊഴിലവസരങ്ങൾ മിക്കവാറും ഇല്ലാതെ വരുന്നു എന്നു കേൾക്കുമ്പോൾ തന്നെ രോഷമാണ് വരിക. അവസരങ്ങൾ കുറവും അർഹതയുള്ളവർ കൂടുതലുമാകുമ്പോൾ ഉള്ള അവസരങ്ങൾ എല്ലാവർക്കും പങ്കു ലഭിക്കുന്ന വിധത്തിൽ വീതിക്കുകയാണ് വേണ്ടത് എന്നാണ് തൊഴിൽരഹിതരുടെ വാദം. അതായത് ഒരിക്കൽ ഒരു തസ്തികയിൽ നിയമനം ലഭിച്ച ഒരുവനെ പരമാവധി കാലം സർവീസിൽ നിർത്തുകയല്ല വേണ്ടതെന്നും പെൻഷൻ പ്രായം കുറച്ച് കൂടുതൽ പേർക്ക് കുറച്ചുകാലമെങ്കിലും ഉദ്യോഗം തരപ്പെടുത്തുകയാണ് വേണ്ടതെന്നും അവർ വാദിക്കുന്നു.



**ഉദ്യോഗസ്ഥർ കൂടുതൽ കാലം ഉദ്യോഗസ്ഥരായിരിക്കാൻ നിരത്തുന്ന ന്യായങ്ങളിലെ ശരിതെറ്റുകൾക്കപ്പുറത്ത്, ഉദ്യോഗമില്ലാത്തവർ ഉദ്യോഗസ്ഥരാവാൻ നിരത്തുന്ന ന്യായങ്ങളിലെ ധാർമികതയാണ് ഒരു ഭരണകൂടം കണക്കിലെടുക്കേണ്ടത്.**

പെൻഷൻ പ്രായം നീട്ടിക്കൊടുക്കുക വഴി സർക്കാർ സ്വരൂപിക്കുന്ന പണം പെൻഷൻ മൂലം വരുമായിരുന്നതിനെക്കാൾ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ഉപയോഗപ്പെടുത്തു

ശേഷം പേജ് അഞ്ചിൽ

# പെൻഷൻ പ്രായം...

(ഒന്നാം പേജിൽനിന്ന്)

മെന്ന അഭിപ്രായത്തെ മുഖവിലക്കെടുക്കാൻ വയ്യ. കാരണം, അത്തരം ക്രിയാത്മകമായ പദ്ധതികളാവിഷ്കരിക്കാൻ ശേഷിയുള്ള ഒരു ഭരണകൂടത്തെ നമ്മളിതുവരെ കണ്ടിട്ടില്ല എന്നതു തന്നെ.

അപ്പോൾ പിന്നെ എന്താണ് ശരി? അമ്പത്തഞ്ചാം വയസിൽ പെൻഷൻ പറ്റാൻ പോകുന്ന അയ്യായിരം പേർക്ക് കുറച്ചു വർഷം കൂടി സേവനകാലം നീട്ടിക്കൊടുക്കുന്നതോ അയ്യായിരം പേരെയും പെൻഷൻ കൊടുത്ത് സ്വസ്ഥരാക്കി അയ്യായിരം പുതിയ ചെറുപ്പക്കാരെ ഉദ്യോഗത്തിലെടുക്കുന്നതോ? പെൻഷൻ പ്രായം നീട്ടിക്കൊടുത്തില്ലെങ്കിൽ 5000 പെൻഷൻകാരും 5000 ജോലിക്കാരും ഉണ്ടാകുന്നുണ്ട്. പെൻഷൻ പ്രായം നീട്ടുമ്പോഴാകട്ടെ 5000 ജോലിക്കാർ മാത്രമേയുണ്ടാകുന്നുള്ളൂ. ഈയൊരു വ്യത്യാസം കണക്കിലെടുക്കാതെ ഉദ്യോഗസ്ഥരുടെ സംഘടിത ശക്തിക്കും സമ്മർദ്ദങ്ങൾക്കും വഴങ്ങിക്കൊടുക്കുന്നത് ഒട്ടുംതന്നെ അംഗീകരിക്കാവുന്ന കാര്യമല്ല.

ഇ.എം.എസ്. മന്ത്രിസഭ പെൻഷൻ പ്രായം അമ്പത്തെട്ടിൽനിന്നും അമ്പത്തഞ്ചാക്കി കുറച്ചത് തൊഴിലില്ലായ്മ എന്ന കാരണം പറഞ്ഞുകൊണ്ടായിരുന്നു. ഇന്നിപ്പോൾ മറിച്ചൊരു തീരുമാനമെടുക്കുന്നത് തൊഴിലില്ലായ്മ കുറഞ്ഞതുകൊണ്ടാണോ? തൊഴിലില്ലായ്മ കുറയും വരെ ഇ.എം.എസ്. മന്ത്രിസഭയുടെ തീരുമാനത്തിന് പ്രസക്തിയില്ലേ?